പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1886 04.12.2018-ലെ മറുപടിക്ക്

## **<u>അടൂരിൽ നിന്നുള്ള കെ.എസ്.ആർ.ടി.സി യുടെ ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അടൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും വിവിധ സംസ്ഥാനങ്ങളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര അനുകൂല ഫീസിബിലിറ്റി റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 3 (മൂന്ന്). |
| (ബി) | അവ ഏതെല്ലാം സർവ്വീസുകൾക്കാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1. അടൂർ - ബാംഗ്ലൂർ<br>2. അടൂർ - മംഗലാപുരം<br>3. അടൂർ - മധുര |
| (സി) | അടൂരിൽ നിന്നും ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നിരന്തരമായി ആവശ്യപ്പെട്ടിട്ടും അനുകൂല നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) യും (ഡി) യും | അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തി വരുന്നത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അടൂരിൽ നിന്നും അയൽ സംസ്ഥാനങ്ങളിലെ പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. |
| (ഡി) | അടൂരിൽ നിന്നും പുതിയ ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ